പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1331 — 13.12.2012 ലെ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ

**ചോദ്യം**

ശ്രീ കെ. അജിത്

**ഉത്തരം**

ശ്രീ അനൂപ്ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വകുപ്പിന്റെ മാവേലി സ്റ്റോറുകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | ചെറുപയർ | |
| 2 | ഉണ്ടഉഴുന്ന് | |
| 3 | വൻകടല | |
| 4 | വൻപയർ | |
| 5 | തുവരപ്പരിപ്പ് | |
| 6 | മുളക് | |
| 7 | മല്ലി | |
| 8 | പഞ്ചസാര | |
| 9 | ജയഅരി | |
| 10 | കുറുവഅരി | |
| 11 | മട്ടഅരി | |
| 12 | പച്ചരി (സോർട്ടക്സ്) | |
| 13 | വെളിച്ചെണ്ണ | |

ബി) മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇല്ല; എന്നിരുന്നാലും മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾക്കുണ്ടായ ദൗർലഭ്യംമൂലം പൊതുവിപണിയിൽ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | പൊതു വിപണിയിൽ ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സപ്ലൈകോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം കാർഡ് ഒന്നിന് മട്ട അരി, കുറുവ അരി, ജയ അരി, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 19 രൂപ, 21 രൂപ, 16 രൂപ എന്ന നിരക്കിൽ പ്രതിമാസം 20 കി.ഗ്രാം ഒരു കുടുംബത്തിന് നൽകി വരുന്നു. കൂടാതെ 13 ഇനം നിത്യോപയോഗ സാധനങ്ങളും വിപണി വിലയേക്കാൾ 50% വരെ വിലക്കുറച്ച് വിറ്റും വിപണിയിൽ വില നിലവാരം പിടിച്ച് നിർത്തുന്നുണ്ട്. ക്രിസ്തുമസ് പുതുവത്സരാഘോഷ വേളയിൽ ആവശ്യാനുസരണം നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | മാവേലി സ്റ്റോറുകളിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനുള്ള ലേല നടപടികളിൽ മാറ്റം വരുത്തിയിട്ടുണ്ടോ? | ഡി) | ഇല്ല. മാവേലി സ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്ന സബ്സിഡി ഇനങ്ങൾ തികച്ചും സുതാര്യമായ രീതിയിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് വാങ്ങി വരുന്നത് |

Beena

സെക്ഷൻ ഓഫീസർ